| 29-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ഓരോ ചുവടിലും ശിവബാബയിൽ നിന്നും ശ്രീമത്ത് എടുക്കണം, തന്റെ സർവ്വ കാര്യങ്ങളും ബ്രഹ്മാവ് മുഖേന ബാബയെ കേൾപ്പിക്കണം.**

**ചോദ്യം:** ഒരു ബാബയുടെ മക്കളായിരുന്നിട്ട് പോലും ചിലർ പ്രീത ബുദ്ധിയുള്ളവരും ചിലർ വിപരീത ബുദ്ധിയുള്ളവരുമാണ് - എങ്ങനെ?
**ഉത്തരം:** ഏതു കുട്ടികളാണോ തന്റെ മുഴുവൻ ബന്ധവും ബാപ്ദാദയിൽ വെയ്ക്കുന്നത്, ഒരു കാര്യത്തിലും സംശയബുദ്ധിയാകാത്തത്, സത്യം സത്യമായ കണക്കുകൾ ബ്രഹ്മാവിലൂടെ ശിവബാബയെ കേൾപ്പിക്കുന്നത് അവരാണ് പ്രീത ബുദ്ധികളായിട്ടുള്ള കുട്ടികൾ. അഥവാ ഏതെങ്കിലും കാര്യത്താൽ ബ്രഹ്മാവിനോടോ ബ്രാഹ്മിണിയോടോ പിണങ്ങി, കത്തും എഴുതുന്നില്ല അതുപോലെ, നമുക്ക് ബ്രഹ്മാവുമായിട്ട് യാതൊരു ബന്ധവും ഇല്ല ശിവബാബയെ മാത്രമാണ് ഓർമ്മിക്കേണ്ടത് എന്ന് ചിന്തിക്കുന്നവരുടെ ബുദ്ധിയെ മായ പിടികൂടുന്നു. അവരാണ് വിപരീത ബുദ്ധികൾ.

**ഗീതം:** എനിക്ക് ആശ്രയം നല്കുന്നവനേ.......

**ഓംശാന്തി**. ബാബയും കുട്ടികൾക്ക് നന്ദി പറയുന്നു. സഹായികളായിട്ടുള്ള കുട്ടികളാണെങ്കിൽ ബാബയും നന്ദി പറയും പിന്നെ കുട്ടികളുടെ മഹിമയും ചെയ്യും. പരിധിയില്ലാത്ത അച്ഛൻ വന്നിരിക്കുകയാണ് എന്ന് കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു. ബാബ വരുന്നത് തന്നെ പതീത ലോകത്തിലാണ്. അല്ലയോ പതീത പാവനാ വരൂ എന്ന് പാടുന്നുമുണ്ട്. അപ്പോൾ പതീത പാവനൻ വരും, തീർച്ചയായും പാവന ലോകം സ്വർഗ്ഗം സ്ഥാപിക്കും, അവിടെ വളരെ കുറച്ച് പേരേ ഉണ്ടാവുകയുള്ളൂ. പാവന ലോകത്തിന്റെ മഹിമ പറയുന്നുണ്ട്. പാവനമായ ലോകത്തിൽ ആരും തന്നെ വിളിക്കില്ല. ഈ പതീത ലോകത്തിലാണ് വിളിക്കുന്നത്. ഭക്തർ തന്നെയാണ് സ്വയം പതീതമാണ് എന്ന് മനസ്സിലാക്കുന്നത്. സത്യത്തിൽ ഒരേയൊരു ഭാരതത്തിലാണ് പാവനമായ ദേവതകളുടെ രാജധാനിയുണ്ടായിരുന്നത്. ഭാരതത്തിൽ പവിത്രതയുണ്ടായിരുന്നു. വളരെ സമ്പന്നമായിരുന്നു, വളരെ സുഖികളായിരുന്നു, ഇപ്പോൾ ദുഖിതരാണ്. ശിവബാബ തന്നെയാണ് ബ്രഹ്മാവിന്റെ ശരീരത്തിലിരുന്ന് മനസ്സിലാക്കി തരുന്നത്. അപ്പോൾ ബ്രഹ്മാവിന്റെ ശരീരത്തെയും ഓർമ്മിക്കേണ്ടതില്ലേ. അഥവാ കുട്ടികൾ ദൂരെ പോവുകയാണെങ്കിൽ , നിങ്ങൾ നിങ്ങളുടെ നാട്ടിൽ പോയാൽ, നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനും പ്രിയതമനും, കത്തുകൾ എഴുതേണ്ടതില്ലേ. ബ്രഹ്മാവിലൂടെയാണ് ശിവബാബയ്ക്ക് എഴുതേണ്ടത്. ബ്രഹ്മാവില്ലാതെ ശിവബാബയ്ക്ക് കേൾക്കുവാൻ സാധിക്കില്ല. ബ്രഹ്മാവിലൂടെയാണ് ശിവബാബയെ ഓർമ്മിക്കേണ്ടത്. നമ്മൾ ശിവബാബയെയാണ് ഓർമ്മിക്കുന്നത്, നമുക്ക് സാകാരവുമായി യാതൊരു ബന്ധവുമില്ല, ഇങ്ങനെയൊക്കെ ചിന്തിക്കുന്ന കുട്ടികളുമുണ്ട്. പക്ഷേ ശിവബാബ ഇവിടെയുള്ള തിനാൽ തീർച്ചയായും ബാബയ്ക്ക് കത്ത് എഴുതണം. വാർത്തകൾ നല്കണം - ബ്രഹ്മാവിലൂടെ ശിവബാബയ്ക്ക്. വിനാശകാലേ വിപരീത ബുദ്ധിയെന്നും വിനാശകാലേ പ്രീത ബുദ്ധിയെന്നും പറയുന്നു - ആരുമായിട്ടാണ്? ബ്രഹ്മാവിലൂടെ ശിവബാബയുമായിട്ട്. ചില മന്ദ ബുദ്ധികളായിട്ടുള്ളവർ പറയുന്നത്, നമ്മൾ ശിവബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്, ശിവബാബ പറയുന്നുണ്ടല്ലോ - എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ തോണി മറുകര എത്തും എന്ന്. പക്ഷേ ബാബ എവിടെയാണുള്ളത്? തീർച്ചയായും ഈ ശരീരത്തിലാണുള്ളത്, ഇദ്ദേഹത്തിലൂടെ പഠിപ്പിക്കുന്നു. നിരാകാരന് എങ്ങനെ നിങ്ങൾ കത്ത് എഴുതും? പ്രിയതമൻ പ്രിയതമയ്ക്കും പ്രിയതമ പ്രിയതമനും കത്തുകൾ എഴുതാറുണ്ടല്ലോ അല്ലേ. സത്യയുഗം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെ മനുഷ്യൻ മനുഷ്യന് കത്തുകൾ എഴുതി വരികയായിരുന്നു. ഇപ്പോൾ ആത്മാക്കൾ പരമാത്മാവിനെ കാണുന്നു, ആ പരമാത്മാവിന് കത്തുകൾ എഴുതുന്നു. നിരാകാരനായ പരംപിതാ പരമാത്മാവുമായി സംസാരിക്കുന്നു. അപ്പോൾ ബ്രഹ്മാവിലൂടെയാണ് ബാബയുമായിട്ട് കണക്ഷൻ വയ്ക്കേണ്ടത്. ബ്രഹ്മാവിലൂടെയാണ് കത്തുകൾ എഴുതേണ്ടത് അപ്പോൾ ശിവബാബ മനസ്സിലാക്കും ഓർമ്മിക്കുന്നുണ്ട് എന്ന്. ചിലരുടെ ബുദ്ധിയെ മായ പിടിക്കുന്നു അഥവാ ദേഹാഭിമാനം ഉണ്ടാകുന്നു അപ്പോൾ പിന്നെ കത്തും എഴുതില്ല, മറന്നും പോകുന്നു. ഇപ്പോൾ വിനാശകാലേ വിപരീത ബുദ്ധിയാണ്. പാണ്ഡവരുടേത് പ്രീത ബുദ്ധിയാണ്. ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനാണ് എന്നാണ് അവർ മനസ്സിലാക്കുന്നത്. ശരി, അങ്ങനെയാണെങ്കിൽ ശ്രീകൃഷ്ണനും കത്തുകൾ എഴുതണമല്ലോ. ശിവബാബയ്ക്കും എഴുതണം. തീർച്ചയായും ശ്രീമത്ത് അനുസരിക്കേണ്ടതുണ്ട്. ശിവബാബയെ ഓർമ്മിക്കുന്നു എന്ന് പറയുന്നുണ്ട്. പക്ഷേ സാകാര ബ്രഹ്മാവില്ലാതെ നിർദ്ദേശങ്ങൾ ലഭിക്കില്ല. നല്ല നല്ല ഫസ്റ്റ്ക്ലാസ്സായിട്ടുള്ള കുട്ടികളും എഴുതുന്നത് ഞങ്ങളുടെ യോഗം ശിവബാബയുമായിട്ടാണ്, ഞങ്ങൾ ബാബയെ സഹായിച്ചുകൊണ്ടിരിക്കും എന്നാണ്. എന്നാലും ബ്രഹ്മാബാബയില്ലാതെ മുത്തച്ഛന്റെ സമ്പത്ത് നേടുവാൻ സാധിക്കില്ല. ഓരോ ചുവടിലും

നിർദ്ദേശങ്ങൾ ചോദിക്കണം. അങ്ങനെയങ്ങനെയുള്ള വാർത്തകൾ ബാബയുടെ അടുക്കൽ വരുന്നുണ്ട്. ബ്രഹ്മാവിനോടോ ബ്രാഹ്മണിയോടോ പിണങ്ങി പോകുന്നു. മായ പിന്നെ മുഖം തിരിപ്പിച്ച് കളയുന്നു. ഇത് മനസ്സിലാക്കണം അതായത് ഓരോ ചുവടിലും നമുക്ക് ശിവബാബയോട് ശ്രീമത്ത് ചോദിക്കണം – ബാബാ ഈ സാഹചര്യത്തിൽ എന്ത് ചെയ്യണം.

ബാബ സദാ ചോദിക്കുന്നുണ്ട്–കുട്ടികളെ, സന്തുഷ്ടരാണോ? ഒന്നുള്ളത് ശാരീരിക അസുഖം മറ്റൊന്ന് ആത്മീയമായ അസുഖം. ബാബാ ഞങ്ങൾ സന്തുഷ്ടരാണ്, മായ ഞങ്ങളോട് യുദ്ധം ചെയ്യുന്നില്ല എന്ന് പറഞ്ഞ് കത്തുകൾ എഴുതുന്നതേയില്ല, ശരി ബാബ എല്ലാം അറിയുന്നുണ്ട് എന്നാലും –ഈ കാര്യം ശരിയാണോ അതോ തെറ്റാണോ എന്ന് ബാബയോട് നിർദ്ദേശം ചോദിക്കണമല്ലോ? പൂർണ്ണമായുള്ള യോഗമില്ല അതുകൊണ്ട് തലകീഴായി മാറിയിരിക്കുന്നു. വിനാശകാലേ പ്രീത ബുദ്ധിയായിട്ടുള്ള കുട്ടികൾക്ക് ബാബയുടെ അടുക്കൽ വരണം. ബാബ ഇവിടെ ഇരിക്കുകയല്ലേ. വിനാശകാലേ വിപരീത ബുദ്ധിയായിട്ടുള്ളത് കാരണം തെറ്റായ കർമ്മങ്ങൾ ചെയ്യുന്ന ധാരാളം പേരുണ്ട്. ശ്രീമത്തനുസരിക്കാതെ കാര്യമൊന്നും നടക്കില്ല. ഗൈഡില്ലാതെ തനിച്ച് എത്തുവാൻ സാധിക്കില്ല. വഴി തന്നെ അറിയില്ല പിന്നെ എങ്ങനെ പോകുവാൻ സാധിക്കും? തീർച്ചയായും ഗൈഡിന്റെ കൈ ആവശ്യമാണ്. നീന്തുവാൻ തീർച്ചയായും ആധാരം ആവശ്യമാണ്. കുട്ടികൾക്ക് ബാബ നിർദ്ദേശങ്ങൾ തന്നുകൊണ്ടിരിക്കുകയാണ് അതായത് ഏതെങ്കിലും കാര്യത്തിൽ സംശയമുണ്ടായാൽ പോലും കുറഞ്ഞത് ഇദ്ദേഹത്തോട് (ബ്രഹ്മാബാബ) കണക്ഷൻ വെയ്ക്കണം. ശിവബാബയുടെ മതവും ഇദ്ദേഹത്തിലൂടെയല്ലേ ലഭിക്കുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – അകാലമൂർത്തിയുടെ ഈ രഥം അഥവാ സിംഹാസനം നിശ്ചയിക്കപ്പെട്ടത് തന്നെയാണ്. ബാബ പറയുന്നു – ഞാൻ ഇദ്ദേഹത്തിന്റെ അഥവാ ഈ സിംഹാസനത്തിന്റെ ആധാരമെടുക്കുന്നു. പിന്നെ എനിയ്ക്ക് ആരിൽ പ്രവേശിച്ചും എന്റെ സേവനം ചെയ്യുവാൻ സാധിക്കും. ബാബ പറയുന്നു അതായത് ആരെങ്കിലും ഹനുമാനെയാണ് പൂജിക്കുന്നത് എങ്കിൽ അവർക്ക് ആ സാക്ഷാത്ക്കാരം ചെയ്യിപ്പിക്കുന്നു. അവരുടെ ഭാവനയുടെ ഫലം നല്കുന്നു. അഥവാ ഹനുമാന്റെ സാക്ഷാത്ക്കാരം കിട്ടിയാൽ അതിന്റെ വിശ്വാസമായിരിക്കും ഉണ്ടാവുക. അതിന്റെ പിന്നിൽ തൂങ്ങി കിടക്കും. ബാബ വളരെ അനുഭവിയായ രഥമാണ് എടുത്തിരിക്കുന്നത്. രത്നങ്ങളുടെ വ്യാപാരിയായിരുന്നു. ഇതും അവിനാശിയായ ജ്ഞാന രത്നങ്ങളുടെ വ്യാപാരമാണ്. കല്പ കല്പം ഈ രഥത്തിൽ വന്നാണ് കാര്യങ്ങൾ ചെയ്യുന്നത്. ബ്രഹ്മാവിലൂടെയല്ലേ ബ്രാഹ്മണരെ രചിക്കുന്നത്. ക്രിസ്തുവിലൂടെ ക്രിസ്ത്യാനികളെ രചിക്കുന്നതുപോലെ. സാമ്യമുണ്ടല്ലോ അല്ലേ. എനിയ്ക്ക് വരേണ്ടത് ബ്രഹ്മാവിന്റെ രഥത്തിലാണ്. ഇദ്ദേഹത്തിന്റെ ജന്മങ്ങളുടെ കഥയാണിരുന്ന് മനസ്സിലാക്കി തരുന്നത്. ആദ്യ ജന്മം ശ്രീകൃഷ്ണനായിട്ടായിരുന്നു. അദ്ദേഹത്തിന്റെ അനേക ജന്മങ്ങളുടെ അന്തിമത്തിൽ ഞാൻ വരുന്നു. ഇത് കൃത്യമായി പറഞ്ഞ് തരുന്നു. ആരെങ്കിലും ചോദിക്കുകയാണെങ്കിൽ പറയണം – തീർച്ചയായും ആദ്യം ബ്രഹ്മാവ് വേണം എന്നാൽ മാത്രമേ അദ്ദേഹത്തിലൂടെ ബ്രാഹ്മണരെ രചിക്കുകയുള്ളൂ. വ്യക്ത പ്രജാപിതാ ബ്രഹ്മാവ് ആവശ്യമാണ്. സൂക്ഷ്മ വതനത്തിൽ പ്രജാപിതാവ് ഉണ്ടായിരിക്കുകയില്ല. പ്രജാപിതാ ബ്രഹ്മാവ് ഇവിടെയാണ് ആവശ്യം പിന്നെ ഞാൻ വരുന്നതും ഭാരതത്തിലാണ്. ഘോരമായ അന്ധകാരമാകുമ്പോൾ. അരകല്പത്തെ ഭക്തി പൂർത്തിയാകുന്നു.

അല്ലയോ പതീത പാവനാ വരൂ എന്ന് പാടുന്നുണ്ട്. അഥവാ പ്രളയം സംഭവിച്ചാൽ ലോകം പാവനമാവുകയില്ല. പ്രളയം എന്ന വാക്ക് തെറ്റാണ്. വളരെ ദുഃഖിതരും പതീതരും ആകുമ്പോഴാണ് ഞാൻ വരുന്നത്. സത്യയുഗവും ത്രേതായുഗവുമാണ് പാവന ലോകം, ദ്വാപര കലിയുഗം പതീത ലോകവും. ഇവിടെ എത്രമാത്രം കോടിക്കണക്കിന് മനുഷ്യരാണുള്ളത്, സത്യയുഗത്തിൽ ഇത്രയും ഉണ്ടായിരിക്കില്ല. വയറ്റിൽ നിന്നും മിസൈലുകൾ വന്നതായും അതിലൂടെ തന്റെ തന്നെ കുലത്തിന്റെ നാശം സംഭവിച്ചതായും കാണിക്കുന്നുണ്ട്........ഇതെല്ലാം തന്നെ കഥകളിരുന്ന് ഉണ്ടാക്കിയതാണ്. വയറ്റിൽ നിന്നും ഒരു വസ്തുവും ഉണ്ടാകുന്നില്ല, ഇത് ബുദ്ധി ഉപയോഗിക്കേണ്ട കാര്യമാണ്. നോക്കൂ, ഇപ്പോൾ സയൻസിലൂടെയും എത്രമാത്രം സുഖമാണുണ്ടാകുന്നത്. മുൻപ് ഈ ഗ്യാസ്, വൈദ്യുതി ഒന്നും ഇല്ലായിരുന്നു. ബാബ അനുഭവിയാണ്. വൃദ്ധ ശരീരത്തിലാണ് വരുന്നത് എന്ന് പറയുന്നുണ്ട് , കൃഷ്ണന്റേത് വൃദ്ധ ശരീരം അല്ല. കൃഷ്ണൻ പതീതവും അല്ല. പതീത പാവനാ വരൂ എന്ന് വിളിക്കുന്നുണ്ട്, അപ്പോൾ പതീത ലോകത്തിൽ പതീത ശരീരത്തിൽ അല്ലേ വരേണ്ടത്. പതീത ലോകത്തിൽ പാവനമായ ശരീരം ഉണ്ടായിരിക്കില്ല. ഇവിടെ ആത്മാക്കളും തമോപ്രധാനമാണ്, ശരീരവും തമോപ്രധാനമാണ്. ഗോൾഡൻ ഏജ്, സിൽവർ ഏജ് എന്ന് പറയുന്നുണ്ടല്ലോ. ഗോൾഡൻ ഏജാണ് ആദ്യം. അവിടെ ആത്മാവും ശരീരവും രണ്ടും പാവനമാണ്. പിന്നെ ആത്മാവ് പതീതമാകുന്നു. അവരെ നിർവ്വികാരി (പാവനം) ആക്കുന്നു. നല്ല നല്ല ഫസ്റ്റ് ക്ലാസ്സായിട്ടുള്ള കുട്ടികളെ പോലും മായ ചെവിക്കു പിടിക്കുന്നു. ബ്രാഹ്മണിയോടോ ബ്രഹ്മാവിനോടോ ദേഷ്യവും സംശയവും

തോന്നിയാൽ പിന്നെ വിട്ട് പോകുന്നു. മായ മുഖം തിരിപ്പിച്ച് കളയുന്നു. പ്രീത ബുദ്ധിയിൽ നിന്നും വിപരീത ബുദ്ധിയാകുന്നു. പിന്നെ ശിവബാബയിൽ നിന്നും പഠിക്കുന്നത് ഉപേക്ഷിക്കുന്നു. ചിലർ പഠിക്കുന്നുണ്ട് പക്ഷേ പൂർണ്ണമായും ധാരണയാകുന്നില്ല, അപ്പോൾ ബാബ പറയും, പോട്ടെ സാരമില്ല, കേവലം രണ്ട് കാര്യങ്ങൾ ഉറപ്പിക്കൂ. ബാബയെ ഓർമ്മിക്കണം. ഇപ്പോൾ നിങ്ങളുടെ ബുദ്ധി ഇവിടെയും(മധുബൻ) അവിടെയും (പരം ധാം വീട്ടിൽ) ആയിരിക്കണം. ഒരു ജിന്നിന്റെ ഉദാഹരണം ഉണ്ടല്ലോ. ആ ജിന്ന് പറഞ്ഞത് എനിക്ക് ജോലി തരൂ ഇല്ലെങ്കിൽ ഞാൻ വിഴുങ്ങും എന്നായിരുന്നു. ബാബയും പറയുന്നു ഞാൻ ഈ ഓർമ്മിക്കുന്നതിന്റെ ജോലി തരുന്നു. അഥവാ ഓർമ്മിച്ചില്ലായെങ്കിൽ മായ വിഴുങ്ങും. ഓർമ്മിക്കുന്നതിനു വേണ്ടി കുറച്ച് സമയം കണ്ടെത്തണം. ആദ്യം കുറച്ച് സമയം, പിന്നെ ശീലമായി മാറും. ബാബ പറയുന്നു മിണ്ടാതിരുന്ന് ഓർമ്മിച്ച് കൊണ്ടിരിക്കൂ. നിങ്ങൾക്കറിയാം മുകളിലും ബാബയുണ്ട് ഇവിടെയും ബാബയുണ്ട്. നമുക്ക് ബാബയുടെ അടുക്കൽ പോകണം. ബാബ ഇദ്ദേഹത്തിൽ വന്നിരിക്കുകയാണ് എന്ന് ഇപ്പോൾ നിങ്ങൾ അറിയുന്നുണ്ട്. ഓർമ്മിച്ചില്ലായെങ്കിൽ മായ വിഴുങ്ങും. ധാരാളം കഥകൾ ഉണ്ടാക്കിയിരിക്കുകയാണ്.

മുൻപ് അറിവില്ലാത്തവരായിരുന്നു ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു അതായത് ഞാൻ പോയി കഴിഞ്ഞാൽ പിന്നെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകും. നിങ്ങൾ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആത്മാവ് തന്നെയാണ് പരീക്ഷ പാസ്സാകുന്നത് – ശരീരത്തിലൂടെ. ഇപ്പോൾ ബാബ പറയുന്നു ദേഹീ അഭിമാനിയാകൂ. കുടുംബത്തിലിരുന്ന് കൊണ്ടും സ്വയം അശരീരി ആത്മാവാണ് എന്ന് മനസ്സിലാക്കൂ. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ലാഭമാണുള്ളത്. ഇതിന്റെ പേര് യോഗം എന്നാണ് വച്ചിരിക്കുന്നത്. അല്ലായെങ്കിൽ ഇത് ഓർമ്മയാണ്, ആത്മാക്കൾക്ക് ബാബയോടുള്ള പ്രീതിയെയാണ് ഓർമ്മ എന്ന് പറയുന്നത്. പ്രിയതമയും പ്രിയതമനും പരസ്പരം ശരീരത്തിനെയാണ് സ്നേഹിക്കുന്നത്. പ്രിയതമനും പ്രിയതമയും രണ്ട് പേരും ദേഹധാരികളാണ്. പ്രിയതമയുടെ മുന്നിൽ പ്രിയതമൻ നില്ക്കുന്നത് പോലെ തോന്നും. പിന്നെ പ്രിയതമന് പ്രിയതമയെ കാണപ്പെടും. ഇപ്പോൾ നിങ്ങൾ പരംപിതാ പരമാത്മാവിന്റെ പ്രിയതമകളാണ്. പ്രിയതമൻ ഒന്നാണ് മറ്റ് സർവ്വ ആത്മാക്കളും പ്രിയതമകളാണ്. ആ നിരാകാരനായ അച്ഛൻ ഈ സാകാരത്തിലൂടെ നിർദ്ദേശങ്ങൾ നല്കുന്നു. നിങ്ങൾക്ക് ആത്മാവിനെയോ പരമാത്മാവിനെയോ കാണുവാൻ സാധിക്കില്ല. ചിലർക്ക് ആത്മാവിന്റെ സാക്ഷാത്ക്കാരം ഉണ്ടാകാറുണ്ട്. മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ ലൈറ്റിന്റെ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു കാരണം ഭാവന അങ്ങനെയാണ്. വളരെ തേജോമയമാണ്, മതിയാക്കൂ, എനിക്ക് ഇത് സഹിക്കുവാൻ സാധിക്കില്ല എന്നൊക്കെ പറയുന്നു. ബാബ പറയുന്നു ഞാൻ ഒരു നക്ഷത്രം പോലെയാണ്. മിന്നാമിനുങ്ങുണ്ടല്ലോ അതുപോലെ. അതിന്റെ ലൈറ്റ് എങ്ങനെയാണോ പ്രകാശിക്കുന്നത് അതുപോലെ നക്ഷത്ര സമാനമായ ആത്മാവ് പുറത്ത് പോകുന്നു.(വിവേകാനന്ദന്റെ ഉദാഹരണം) ആർക്ക് എങ്ങനെയുള്ള ഭാവനയാണോ അവർക്ക് അങ്ങനെ തന്നെയാണ് സാക്ഷാത്ക്കാരം ഉണ്ടാകുന്നത്. ബാബ പറയുന്നു, നിങ്ങൾക്ക് ഭാവനയാണുണ്ടായിരുന്നത്, അപ്പോൾ ഞാൻ ആ രൂപത്തിൽ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. ആത്മാവ് ഏതുപോലെയാണോ അതുപോലെയാണ് പരമാത്മാവും. പക്ഷേ ബാബ ജ്ഞാനത്തിന്റെ സാഗരമാണ്. ആത്മാവും ചൈതന്യമാണ്. ആത്മാവിലാണ് സർവ്വ സംസ്കാരവും ഉള്ളത്. ബാബയിലും സ്ഥാപനയുടേയും വിനാശത്തിന്റേയും പാലനയുടെ കർത്തവ്യത്തിന്റെയും സംസ്കാരമുണ്ട്. ത്രി മൂർത്തിയല്ലേ. ശിവബാബയേയും ആരും അറിയുന്നില്ല. ത്രിമൂർത്തിയുടെ മുകളിലുള്ള രചയിതാവായ ശിവബാബയെ മറന്നു പോയിരിക്കുന്നു. വാസ്തവത്തിൽ ഗീതയുടെ ഭഗവാൻ ത്രിമൂർത്തി ശിവനാണ്, എന്നാൽ അവർ പറയുന്നത് ത്രിമൂർത്തി ബ്രഹ്മാവ് എന്നാണ്. ബ്രഹ്മാ വിഷ്ണു ശങ്കരന്റെയും രചയിതാവായിട്ട് ആരെങ്കിലും ഉണ്ടാകുമല്ലോ? ബ്രഹ്മാവിന്റെ പേര് വേറെയാണ് ശിവബാബയുടെ പേര് വേറെയാണ്. അല്ലായെങ്കിൽ പിന്നെ ആരെയാണ് രചയിതാവ് എന്ന് പറയുന്നത്. ആരുടെയും ബുദ്ധിയിൽ ഇല്ല.

ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. നിങ്ങളുടേത് പ്രീത ബുദ്ധിയാണ്. ചിലരുടേത് വിപരീത ബുദ്ധിയായിത്തീരുന്നു അവർ കൗരവരായി മാറുന്നു. എന്നാലും ഇവിടെ വരും പക്ഷേ കുറഞ്ഞ പദവിയായിരിക്കും. എന്തെല്ലാമാണോ സമ്പാദിച്ചത് അതെല്ലാം ഇല്ലാതാകുന്നു. പിന്നെ പ്രജയായിട്ട് കുറഞ്ഞ പദവി നേടും. ഈ സമയം നോക്കൂ – പഠിത്തത്തിലൂടെ എന്തെല്ലാമാണ് ആകുന്നത്. ബാബ പറയുന്നു – കുട്ടികളേ, ദേവതയാകണമെങ്കിൽ ഈ മോശമായ വസ്തുവിനെ (വിഷത്തെ) ഉപേക്ഷിക്കണം. ഒരു ബാബ തന്നെയാണ് സത്യമായ സത്ഗുരു, മുക്തിയിലേയ്ക്കും ജീവന്മുക്തിയിലേയ്ക്കും കൊണ്ടു പോകുന്നവൻ. സർവ്വർക്കും പോകേണ്ടത് ഒരേ സമയം തന്നെയാണ്. ഇടയ്ക്ക് വച്ച് ആരും പോകുന്നില്ല. ഓരോരുത്തർക്കും അവരവരുടെ പാർട്ട് പൂർണ്ണമായും അഭിനയിക്കണം. അന്തിമത്തിൽ കൊതുകുകളെ പോലെ തീർച്ചയായും തിരികെ പോകണം. ഗീതയിലും എഴുതിയിട്ടുണ്ട്, പക്ഷേ കൃഷ്ണ ഭഗവാനുവാച എന്ന് എഴുതിയിരിക്കുന്നത് കാരണം ഗീതയുടെ മഹത്വം തന്നെ ഇല്ലാതായിരിക്കുന്നു.ബാബ വന്നില്ലായെങ്കിൽ എങ്ങനെ

മുക്തീധാമത്തിലേയ്ക്ക് പോകും? പിന്നെ തന്റെ സമയമാകുമ്പോൾ വന്ന് തന്റെ പാർട്ട് അഭിനയിക്കുന്നു. ഇത് വളരെ വിസ്താരമായി മനസ്സിലാക്കി കൊടുക്കണം. ചുരുക്കത്തിൽ പറയുന്നത് എന്നെ ഓർമ്മിക്കൂ എന്നാണ്. ഗോഡ് ഈസ് വൺ അത്രമാത്രം. ബാക്കി സർവ്വരും മക്കളാണ്. ഇപ്പോൾ നിങ്ങൾ ത്രികാലദർശികളായിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. സദാ സന്തോഷത്തോടു കൂടി ഇരിക്കുന്നതിനു വേണ്ടി ഒരോ ചുവട് വയ്ക്കുമ്പോഴും ബാബയോട് നിർദ്ദേശം ചോദിക്കണം. ബ്രഹ്മാവിലൂടെ ശിവബാബയെ ഓർമ്മിക്കണം. തന്റെ വാർത്തകൾ കേൾപ്പിച്ചു കൊണ്ടിരിക്കണം.

2. ഒരിയ്ക്കലും ഒരു കാര്യത്തിലും സംശയം ഉണ്ടാകരുത്. ബ്രാഹ്മണിയോട് അഥവാ ബാബയോട് പിണങ്ങി പഠിത്തം ഉപേക്ഷിക്കരുത്. സദാ പ്രീത ബുദ്ധിയുള്ളവരായിരിക്കണം.

## വരദാനം - സുഖസ്വരൂപരായി മാറി മുഴുവൻ വിശ്വത്തിലും സുഖത്തിന്റെ കിരണങ്ങൾ വ്യാപിപ്പിക്കുന്ന മാസ്റ്റർ ജ്ഞാന സൂര്യനായി ഭവിക്കട്ടെ.

എങ്ങനെയാണോ ബാബ ജ്ഞാനത്തിന്റെ സാഗരൻ, സുഖ സാഗരൻ അതേപോലെ സ്വയം ജ്ഞാന സ്വരൂപരും സുഖസ്വരൂപരുമായി മാറൂ. ഓരോ ഗുണത്തെയും വർണ്ണിക്കുക മാത്രമല്ല അനുഭവമാകുകയും വേണം. സുഖസ്വരൂപത്തിന്റെ അനുഭവിയാണെങ്കിൽ മാത്രമാണ് താങ്കൾ സുഖസ്വരൂപ ആത്മാക്കളിലൂടെ സുഖത്തിന്റെ കിരണങ്ങൾ വിശ്വത്തിൽ വ്യാപിക്കൂ. എങ്ങനെയാണോ സൂര്യ കിരണങ്ങൾ മുഴുവൻ വിശ്വത്തിലേക്കും പോകുന്നത്, അതുപോലെ താങ്കളിൽ നിന്നും ജ്ഞാനം, സുഖം, ആനന്ദത്തിന്റെ കിരണങ്ങൾ എപ്പോഴാണോ സർവ്വാത്മാക്കളിലേക്കും എത്തിച്ചേരുന്നത്, അപ്പോൾ പറയും മാസ്റ്റർ ജ്ഞാന സൂര്യൻ.

## സ്ലോഗൻ - ആരാണോ തന്റെ സങ്കല്പം വാക്ക് കർമ്മത്തിലൂടെ ദിവ്യതയുടെ അനുഭവം ചെയ്യിക്കുന്നത് അവരാണ് ദിവ്യ ജന്മധാരിയായ ബ്രാഹ്മണൻ.